# പതിനാലാം കേരള നിയമസഭ
## (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:977 11/07/2016-ൽ മറുപടിയ്ക്ക്**

മത്സ്യ സംസ്കരണവും വിപണനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ബി.സത്യൻ: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | മത്സ്യ സംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | മത്സ്യസംസ്കരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട് വിശദമായ വിലയിരുത്തൽ നടത്താനുദ്ദേശിക്കുന്നു. |
| ബി) | മുൻ സർക്കാർ പ്രഖ്യാപിച്ച "കോൾഡ് ചെയിൻ" പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | ബി) | കോൾഡ് ചെയിൻ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഇതിലേയ്ക്കായി പുതിയ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെയും, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റേയും സാമ്പത്തിക സഹായ-ത്തോടെ നടപ്പിലാക്കുന്നതാണ്. |
| സി) | മത്സ്യ സംസ്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സമഗ്ര കോസ്റ്റൽ മാനേജ്മെന്റ് പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുമോ? | സി) | 14/06/2016-ന് കേന്ദ്രസർക്കാരിന് ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**